**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തളിപ്പറമ്പ് നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ) നം. 731/ 2019/ തസ്വഭവ. തീയതി, തിരുവനന്തപുരം, 28.03.2019

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 04.07.2012 തീയതിയിലെ ഇ 13(എസ്.സി 09/ 12/ കെഎൻആർ) 15156/ 2012 നം. കത്ത്

2. സർക്കാരിന്റെ 25.06.2016 തീയതിയിലെ ഇയു2- 139/ 2014/ തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 01.11.2018 തീയതിയിലെ വി2- 15456/ 16 നമ്പർ കത്ത്.

## ഉത്തരവ്

തളിപ്പറമ്പ് നഗരസഭയിൽ 27.02.2012-ന് വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയിൽ, നഗരസഭയിൽ ഡി&ഒ ലൈസൻസ് നിശ്ചിത മാതൃകയിൽ തയ്യാറാക്കി നൽകുന്നില്ലെന്നും, ലൈസൻസ് പുതുക്കി നൽകുന്നത് ഭൗതിക പരിശോധന നടത്തി ലൈസൻസിന്റെ വിശ്വാസ്യത തിട്ടപ്പെടുത്താതെയാണെന്നും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നില്ലെന്നും മുദ്രപത്രത്തിൽ എഴുതി വാങ്ങേണ്ട സത്യവാങ്മൂലം വെള്ള പേപ്പറിൽ സ്വീകരിച്ചുവെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി. ശ്രീനിവാസൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ടി.വി. ഷാജി, ശ്രീ. പി. മോഹനൻ, ശ്രീ. എം. വി. സൂരജ്, ശ്രീ. കെ. വേലായുധൻ, ശ്രീമതി. എം. രേഖ, ശ്രീമതി. കെ രാധാമണി എന്നിവർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് സമർപ്പിച്ച പ്രതിവാദ പത്രികയിൽ കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി. എം. രേഖ, ശ്രീമതി. കെ രാധാമണി എന്നിവർ നൽകിയ മറുപടിയിൽ ടിയാളുകൾക്ക് ആരോഗ്യ വിഭാഗത്തിൽ ജനന മരണ വിഭാഗത്തിന്റെ ചുമതല മാത്രമേ ഉണ്ടായിരുന്നുള്ളൂ എന്നും വ്യാപാര സ്ഥാപനങ്ങളുടെ ലൈസൻസ് സംബന്ധമായ ജോലികളൊന്നും ഉണ്ടായിരുന്നില്ലെന്നും പറഞ്ഞിരിക്കുന്നു. മേൽ മറുപടി അംഗീകരിക്കത്തക്കതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

3. വിജിലൻസ് പരിശോധനാകാലത്തുള്ളതും നഗരസഭയിൽ നിന്നും ലഭ്യമായതും പരിശോധനയ്ക്ക് വിധേയമായതുമായ അപേക്ഷകളിൽ സ്ഥാപനത്തിലുണ്ടാകുന്ന മാലിന്യം സ്വന്തം ഉത്തരവാദിത്തത്തിൽ സംസ്കരിക്കുന്നതാണെന്നും നിരോധിക്കപ്പെട്ട പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ ഉപയോഗിക്കുകയോ വിൽപ്പന നടത്തുകയോ ചെയ്യുകയില്ലെന്നും ഇംഗ്ലീഷിലും മലയാളത്തിലും സ്ഥലപ്പേര് ചേർത്ത് ബോർഡ് സ്ഥാപിക്കാമെന്നുമുള്ള സത്യപ്രസ്താവന വെള്ളപേപ്പറിലാണ് കാണുന്നത്. സത്യപ്രസ്താവന വെള്ളപേപ്പറിലാ ണെന്ന കാര്യം ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ റിപ്പോർട്ട് ചെയ്യുകയോ മുദ്രപത്രത്തിൽ വേണമെന്ന് നിർദ്ദേശിക്കുകയോ ചെയ്തതായി അപേക്ഷകളിൽ കാണുന്നില്ല. എന്നാൽ കേരള മുനിസിപ്പൽ ആക്ട് സെക്ഷൻ 492 (3) പ്രകാരമുള്ള സമ്മതപത്രം 100/- രൂപ മുദ്രപത്രത്തിൽ അപേക്ഷകളോടൊപ്പം കാണുന്നുണ്ട്.

4. ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന് സ്ഥിര സംവിധാനമില്ല. എന്നാൽ വിജിലൻസ് അന്വേഷണത്തിൽ കണ്ടെത്തിയ നാരായണീയം ഓഡിറ്റോറിയത്തിന് പരിശോധനാ സമയം ലൈസൻസ് ഉണ്ടായിരുന്നില്ലെങ്കിലും തുടർന്ന് 09.03.2012-ന് 2011-12 വർഷം മുതൽ കുടിശ്ശിക സഹിതം തുക ഈടാക്കി അനുമതി നൽകിയിട്ടുള്ളതാണ്. വിജിലൻസ് പരിശോധനാ കാലഘട്ടങ്ങളിൽ (2011-12) ലൈസൻസ് നിശ്ചിത മാതൃകയിൽ നൽകിയെന്ന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ പറയുന്നുണ്ടെങ്കിലും അപ്രകാരം ലൈസൻസ് നൽകിയ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചില്ല എന്നതിനാൽ ഡി&ഒ ലൈസൻസ് നിശ്ചിത മാതൃകയിൽ നൽകുന്നില്ല എന്ന പരാമർശം ശരിയാണെന്ന് കാണുന്നതായി റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ അപ്രകാരം ഫോറത്തിൽ നൽകി വരുന്നുണ്ട് എങ്കിലും പൂർണ്ണമായും നൽകുന്നുണ്ടെന്ന് പറയാൻ കഴിയില്ല എന്നും ലൈസൻസിന്റെ വിശ്വാസ്യത തിട്ടപ്പെടുത്തിയ ശേഷം മാത്രമാണ് പുതുക്കിയ ഡി& ഒ ലൈസൻസ് അനുവദിക്കാറുള്ളത് എന്ന് വിശദീകരണത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. മോഹനൻ റിപ്പോർട്ട് ചെയ്തു കാണുന്നുണ്ടെങ്കിലും ഫയൽ പ്രകാരം സ്ഥാപനം ഭൗതിക പരിശോധന നടത്തിയതായി കാണുന്നില്ലായെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ അറിയിച്ചിരിക്കുന്നു.

5. വിജിലൻസ് വിഭാഗം കണ്ടെത്തിയ അപാകതകൾ ഏറെക്കുറെ സാധൂകരിക്കത്തക്കതാണെന്നും, ആയതിന് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. പി. മോഹനൻ, ശ്രീ. എം.വി. സൂരജ്, ശ്രീ. കെ. വേലായുധൻ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി. ശ്രീനിവാസൻ എന്നിവരുടെ മറുപടി പൂർണ്ണ തോതിൽ അംഗീകരിക്കാൻ സാധിക്കുന്നതല്ലെന്നും റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. ജീവനക്കാരുടെ മറുപടിയുടെയും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീമതി.എം.രേഖ, ശ്രീമതി. കെ. രാധാമണി എന്നിവർക്കെതിരെ യുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കുന്നതിനും ഹെൽത്ത് ഇൻസ്പെക്ടറായിരുന്ന ശ്രീ. വി. ശ്രീനിവാസൻ സർവ്വീസിൽ നിന്നും റിട്ടയർ ചെയ്തിട്ടുള്ളത് പരിഗണിച്ച് ടി

ജീവനക്കാരനെതിരെയുള്ള തുടർനടപടികൾ ഒഴിവാക്കുന്നതിനും നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു. രണ്ടാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. പി. മോഹനൻ, ശ്രീ. എം.വി. സൂരജ്, ശ്രീ. കെ. വേലായുധൻ എന്നിവരുടെ പേരിൽ ഉചിതമായി തുടർനടപടികൾ സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നതോടൊപ്പം ശ്രീ. ടി.വി. ഷാജി മുനിസിപ്പൽ കോമൺ സർവ്വീസിൽ നിന്നും 31.01.2014 ന് പിന്നോക്ക വികസന കോർപ്പറേഷനിലേയ്ക്ക് വിടുതൽ ചെയ്തിട്ടുള്ള വിവരവും നഗരകാര്യഡയറക്ടർ അറിയിക്കുകയുണ്ടായി.

7. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ടിന്റേയും കുറ്റാരോപണ മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടിയുടേയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പരിശോധിച്ചു. അതിൻപ്രകാരം തളിപ്പറമ്പ് നഗരസഭയിൽ വിജിലൻസ് വകുപ്പ് നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ. വി. ശ്രീനിവാസൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. ടി.വി. ഷാജി, ശ്രീ. പി. മോഹനൻ, ശ്രീ. എം. വി. സൂരജ്, ശ്രീ. കെ. വേലായുധൻ, ശ്രീമതി. എം. രേഖ. ശ്രീമതി. കെ രാധാമണി എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി ശ്രീമതി. രേഖ.എം.. ശ്രീമതി. കെ.രാധാമണി ശ്രീ. വി. ശ്രീനിവാസൻ, ശ്രീ. ടി.വി. ഷാജി എന്നിവർക്കെതിരായ തുടർനടപടികൾ അവസാനിപ്പിച്ചുകൊണ്ടും ശ്രീ. മോഹനനൻ, ശ്രീ. എം.വി. സൂരജ്, ശ്രീ. കെ.വേലായുധൻ എന്നിവരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല ത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ടും തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ശ്രീ. വി. ശ്രീനിവാസൻ, റിട്ട. ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ് നഗരസഭ
ശ്രീ. ടി.വി. ഷാജി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ് നഗരസഭ
ശ്രീ. പി. മോഹനൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,തളിപ്പറമ്പ് നഗരസഭ
ശ്രീ. എം. വി. സൂരജ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ,തളിപ്പറമ്പ് നഗരസഭ
ശ്രീ. കെ. വേലായുധൻ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ് നഗരസഭ
ശ്രീമതി. എം. രേഖ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ് നഗരസഭ
ശ്രീമതി. കെ രാധാമണി, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തളിപ്പറമ്പ് നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

വിജിലൻസ് വകുപ്പ്
(11.02.2019 തീയതിയിലെ VIG D1/ 747/ 2018- VIG നമ്പർ കറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ